പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1776 04/12/2018 -ൽ മറുപടിക്ക്

## യു.ജി.സി.അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | പത്തു വർഷത്തിലൊരിക്കൽ മാത്രം നടത്തുന്ന യു.ജി.സി. ശമ്പളപരിഷ്കരണത്തിന് 1.1.2016 മുതൽ മുൻകാല പ്രാബല്യം നൽകികൊണ്ട് കേന്ദ്രമാനവശേഷി വകുപ്പ് 2017 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി.അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ), (ബി) & (സി) | കേന്ദ്രമാനവ വിഭവശേഷി വികസന വകുപ്പ് 2017ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. പദ്ധതിക്കു കീഴിൽ വരുന്ന അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മൂന്നു വർഷത്തിനുള്ളിൽ നടപ്പിലാക്കിയില്ലെങ്കിൽ അധിക സാമ്പത്തിക ഭാരത്തിന്റെ അമ്പതു ശതമാനം യു.ജി.സി. ഗ്രാന്റായി ലഭിക്കുന്നത് നഷ്ടപ്പെടുമെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | നിശ്ചിത സമയത്തിനുള്ളിൽ ശമ്പള പരിഷ്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ